പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 326 — 25.04.2017 – ൽ മറുപടിക്ക്

# പുതിയ റേഷൻകാർഡ് ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി : | | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) | പുതിയ റേഷൻകാർഡുകൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ്; | (എ) റേഷൻ കാർഡുകളുടെ അച്ചടി പൂർത്തീകരിച്ച് വരുന്നു. മെയ് മാസത്തോടു കൂടി വിതരണം പൂർത്തീകരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ബി) | പുതിയ റേഷൻകാർഡുകൾ തയ്യാറാക്കുന്നതിന്റെ ചുമതല ആർക്കാണ് നൽകിയിരുന്നത്; | (ബി) ഉൾപേജുകളുടെ അച്ചടി സർക്കാർ ഏജൻസിയായ കേരള ബുക്ക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റിയേയും പുറം ചട്ടയുടെ അച്ചടിയും, ലാമിനേഷനും, സ്റ്റാപ്ലിംഗും സർക്കാർ ഏജൻസിയായ സി-ഡിറ്റിനുമാണ് നൽകിയിട്ടുള്ളത്. |
| (സി) | പുതിയ റേഷൻകാർഡ് വിതരണം ചെയ്യുന്നതിന് സംഭവിച്ച കാലതാമസത്തിന്റെ പ്രധാന കാരണങ്ങൾ എന്തെല്ലാമാണ്; | (സി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം ഗ്രാമങ്ങളിലെ ജനസംഖ്യയുടെ 52.63 % ഉം നഗര പ്രദേശങ്ങളിലെ 39.5% ജനങ്ങളും മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടുവരേണ്ടതാണ്. നിശ്ചിത ശതമാനം ആൾക്കാരെ താലൂക്ക് അടിസ്ഥാനത്തിൽ ഉൾപ്പെടുത്തേണ്ടി വന്നത് മൂലം താലൂക്ക് തല റാങ്കിംഗിന് പകരം സംസ്ഥാന തല റാങ്കിംഗ് നടത്തുകയുണ്ടായി. റീ-റാങ്കിംഗ് നടത്തി കരട് പട്ടിക അച്ചടിച്ച് ആക്ഷേപങ്ങളും പരാതികളും പരിഹരിക്കുന്നതിനായി പ്രസിദ്ധീകരിച്ചിരുന്നു. എങ്കിലും |

പൊതുജനങ്ങളുടെ ആവശ്യാർത്ഥം ആക്ഷേപങ്ങളും പരാതികളും സ്വീകരിക്കുന്ന ദിവസം ദീർഘിപ്പിക്കേണ്ടി വന്നതിനാലും അത്തരം അപേക്ഷകളിന്മേൽ നേരിൽ കേട്ട് വിവര ശേഖരണം നടത്തി പുതിയ ലിസ്റ്റ് തയ്യാറാക്കുന്നതിനും വേണ്ടിയാണ് കാലതാമസം ഉണ്ടായത്.

(ഡി) പുതിയ റേഷൻകാർഡ് സജ്ജമാക്കുന്നതിന് ചെലവഴിച്ച് തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(ഡി) റേഷൻ കാർഡ് പുതുക്കൽ സംബന്ധിച്ച് വേണ്ടി വരുന്ന ചെലവുകൾക്കായി 61.6 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ഇതേ വരെ 44 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| പ്രീ-പോപ്പുലേറ്റഡ് ഫോറം അച്ചടി | 3,84,49,985 |
| ഫോട്ടോ ക്യാമ്പ് | 10,70,58.647 |
| ഡാറ്റാ എൻട്രി | 25,27,88,337 |
| കരട് പട്ടിക പ്രസിദ്ധീകരണം | 47,75,576 |
| റേഷൻ കാർഡ് അച്ചടി | 3,50,04,507 |
| മറ്റിനങ്ങൾ | 19,22,948 |
| **ആകെ** | **44,00,00,000** |

*സെക്ഷൻ ഓഫീസർ*